ഭരണഭാഷ - മാതൃഭാഷ

ഫോറം നമ്പർ 4

(റൂൾ 11(8) കാണുക)

## വിജ്ഞാപനം

സി2-11799/17 തീയതിഃ 21.12.2017

കേരള സർക്കാർ 9.12.15 ലെ സഉ(സാധാരണ) നമ്പർ 649/2015 ലെ വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 (കേന്ദ്ര ആക്ട് 30, 2013) പ്രകാരമുള്ള കളക്ടറുടെ ചുമതല നിർവ്വഹിക്കുവാൻ സ്പെഷ്യൽ തഹസിൽദാർ എൽ.എ റെയിൽവെ പെരുമ്പാവൂരിനെ നിയമിച്ചിരിക്കുന്നതിനാലും,

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് അങ്കമാലി ശബരി റെയിൽ പദ്ധതിയ്ക്കുവേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യമായതിനാലും

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30, 2013) 4-)0 വകുപ്പ് 1-)0 ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാ കളക്ടർ, താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ

ഇപ്പോൾ തൻമൂലം ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ, കോതമംഗലത്തിനെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനും സാമൂഹ്യപ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ രണ്ട് മാസത്തിനകം തീർപ്പാക്കേണ്ടതാണ്. ഒരു കാരണവശാലും 6 മാസത്തിൽ കൂടുവാൻ പാടുള്ളതല്ല.

## പട്ടിക

ജില്ലഃ എറണാകുളം

താലൂക്ക്ഃ ആലുവ, വില്ലേജ്ഃ നെടുമ്പാശ്ശേരി.

| ക്രമ നം. | വില്ലേജ് | സർവ്വെ നം. | വിവരണം | ഏരിയ |
|---|---|---|---|---|
| 1 | നെടുമ്പാശ്ശേരി ബ്ലോക്ക് 9 | 29/31 | പുരയിടം | 0.0065 ഹെക്ടർ |

(ഒപ്പ്)

ജില്ലാ കളക്ടർ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ എ)